# നോമ്പുക്കാലം

## വചന വിചിന്തനം

### ആറാം ഞായർ

### യോഹ 10,11-18

**ക്രിസ്തു പറയുന്നു;**

**"ഞാൻ നല്ല ഇടയനാണ്.**

**നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു."**

യോഹ 10,11

അപ്പനിൽ നിന്ന് നല്ല അപ്പനിലേയ്ക്കും, അമ്മയിൽ നിന്ന് നല്ല അമ്മയിലേയ്ക്കും, മക്കളിൽ നിന്ന് നല്ല മക്കളിലേയ്ക്കും, എന്തിനേറെ, അയൽക്കാരിൽ നിന്ന് നല്ല അയൽക്കാരിലേയ്ക്കുമുള്ള ദൂരം തന്നെയാണ് ഇടയനിൽ നിന്ന് നല്ല ഇടയനിലേയ്ക്കുള്ള ദൂരം. ഇടയനിൽ നിന്ന് "നല്ല" ഇടയനിലേയ്ക്കുള്ള ദൂരം ജീവൻ അർപ്പിക്കുക എന്നതാണെങ്കിൽ, ഒരു സംശയവും വേണ്ട നല്ല അപ്പനിലേയ്ക്കും, നല്ല അമ്മയിലേയ്ക്കും, നല്ല മക്കളിലേയ്ക്കും, നല്ല അയൽക്കാരിലേയ്ക്കുമുള്ള ദൂരവും ഇതു തന്നെയാണ്, ജീവൻ അർപ്പിക്കുക.

നല്ല ഇടയൻ
ആടുകൾക്ക് വേണ്ടി
ജീവൻ ത്യജിക്കുന്നു.
അവൻ
അപരനു വേണ്ടി
ത്യജിക്കുന്നതിൽ
സന്തോഷം കണ്ടെത്തുന്നു.

നല്ല ഇടയന്റെ ഉത്തരവാദിത്വം വളരെ വലുതാണ്. ജീവൻ വിലകൊടുത്തും ആടുകളെ രക്ഷിക്കാനുള്ള വലിയ ദൗത്യം ഇടയൻമാർക്കുണ്ട്. "സിംഹമോ കരടിയോ വന്ന് ആട്ടിൻപറ്റത്തിൽനിന്ന് ഒരാട്ടിൻകുട്ടിയെ തട്ടിയെടുത്താൽ, ഞാൻ അതിനെ പിന്തുടർന്ന് ആട്ടിൻ കുട്ടിയെ രക്ഷിക്കും. അത് എന്നെ എതിർത്താൽ ഞാൻ അതിൻെറ ജടയ്ക്കുപിടിച്ച് അടിച്ച് കൊല്ലും" (1 സാമു 17,35). ഇടയ ദൗത്യത്തെ വരച്ച് കാണിക്കാൻ ഇതിനേക്കാൾ ശക്തമായ വചന ഭാഗമില്ല. ദൈവം തിരഞ്ഞെടുത്ത ഇസ്രായേലിലെ ശക്തനായ രാജാവായ സാവൂളിനെ വെല്ലുവിളിച്ച് ഗോലിയാത്ത് നിലയുറപ്പിക്കുന്നു. ഗോലിയാത്ത് ഇസ്രായേൽപ്പടയുടെ നേർക്ക് അട്ടഹസിക്കുന്നു.

"നിങ്ങൾയുദ്ധത്തിനു വന്നിരിക്കുകയാണോ? ഞാനൊരു ഫിലിസ്ത്യനാണ്. നിങ്ങൾ സാവൂളിൻെറ സേവകരല്ലേ? നിങ്ങൾ ഒരുത്തനെ തിരഞ്ഞെടുക്കുക; അവൻ എന്നെ നേരിടട്ടെ. അവൻ എന്നോടുപൊരുതി എന്നെ കൊല്ലുകയാണെങ്കിൽ, ഞങ്ങൾ നിങ്ങളുടെ ദാസൻമാരാകാം. ഞാൻ അവനെ തോൽപിച്ചു കൊന്നാൽ നിങ്ങൾ ഞങ്ങൾക്ക് അടിമവേല ചെയ്യണം."

അവൻെറ വാക്കുകൾ കേട്ട് സാവൂളും ഇസ്രായേല്യരും ഭയചകിതരാകുന്നു. ഗോലിയാത്തിനെ നേരിടാൻ ആരും മുന്നോട്ടു വരാത്തപ്പോൾ ധൈര്യപൂർവ്വം ഗോലിയാത്തിനോട് യുദ്ധം ചെയ്യാൻ നിലയുറപ്പിച്ച ദാവീദിനോട് സാവൂൾ പറയുകയാണ്;

"ഫിലിസ്ത്യനെ നേരിടാൻ നീ ശക്തനല്ല. നീ ചെറുപ്പമല്ലേ?"

ഇതിനുള്ള ദാവീദിന്റെ മറുപടിയാണ്, "പിതാവിൻെറ ആടുകളെ മേയിക്കുന്നവനാണ് അങ്ങയുടെ ഈ ദാസൻ. സിംഹമോ കരടിയോ വന്ന് ആട്ടിൻപറ്റത്തിൽനിന്ന് ഒരാട്ടിൻകുട്ടിയെ തട്ടിയെടുത്താൽ, ഞാൻ അതിനെ പിന്തുടർന്ന് ആട്ടിൻ കുട്ടിയെരക്ഷിക്കും. അത് എന്നെ എതിർത്താൽ ഞാൻ അതിൻെറ ജടയ്ക്കുപിടിച്ച് അടിച്ച് കൊല്ലും" (1 സാമു 17,1-35).

ദാവീദ് പറഞ്ഞ വചനഭാഗത്തിന്റെ മുഴുവൻ ആഴവും ഉൾക്കൊള്ളുന്നതാണ് ക്രിസ്തു പറഞ്ഞ ദൈവവചനം, "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു" (യോഹ 10,11). ക്രിസ്തു പറയുക

മാത്രമല്ല, സ്വന്തം ജീവൻ അനേകരുടെ മോചന ദ്രവ്യമായി അർപ്പിച്ചുക്കൊണ്ട് ജീവിതത്തിലൂടെ കാണിച്ച് തരുകയും ചെയ്തു, "ഞാൻ നല്ല ഇടയനാണ്." ഇന്ന് ഈ ദൗത്യം തിരുസഭാമാതാവ് ഭരമേൽപ്പിച്ചിരിക്കുന്നത് സഭാസമൂഹത്തെയാണ്. ഈ സഭാസമൂഹത്തിൽ അംഗങ്ങളാണ് നാം എങ്കിൽ, ജീവിത്തിലൂടെ നാം പ്രഘോഷിക്കേണ്ടത്, "ഞാൻ നല്ല ഇടയനാണ്" എന്നത് തന്നെയാണ്.

2015 ൽ ഭാരതം കണ്ട എറ്റവും വലിയ ദുരന്തം ചെന്നൈയിലെ വെള്ളപ്പൊക്കമായിരുന്നു. "നൂറ്റാണ്ടിന്റെ വെള്ളപ്പൊക്കം" എന്നാണ് നാസ ഇതിനെ വിളിച്ചത്. ചെന്നൈയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പിലെ ഒരു സൈനികന്റെ അനുഭവം കണ്ണുകളെ ഈറനണിയിപ്പിക്കുന്നതായിരുന്നു.

ഒരു ദിവസം രാവിലെ ആഹാരം വിളമ്പുകയാണ്. സാധനങ്ങൾ കുറവായതിനാൽ പ്രാതൽ കുട്ടികൾക്ക് മാത്രം എന്ന് തീരുമാനിച്ചു. വരിയായി കുട്ടികൾ നിരന്നു. ഒരു കുട്ടിക്ക് ഒരു ചെറിയ പാക്കറ്റ് ബ്രെഡ് മാത്രം.

ഒടുവിൽ രണ്ടു കുട്ടികളും ഒരു പാക്കറ്റ് ബ്രെഡും അവശേഷിച്ചു. വിതരണം ചെയ്യുന്ന ആൾ ധർമ സങ്കടത്തിൽ ആയി... മുൻപിൽ നില്ക്കുന്നത് അല്പം മുതിർന്ന കുട്ടി. അവനെ കണ്ടാലെ അറിയാം അവൻ എന്തെങ്കിലും കഴിച്ചിട്ട് ദിവസങ്ങൾ ആയി എന്ന്. വിതരണം ചെയ്യുന്ന സൈനികൻ ബ്രെഡ് പാക്കറ്റ് രണ്ടായി മുറിക്കാൻ തുടങ്ങുമ്പോൾ മുന്നിൽ നിന്ന കുട്ടി പറഞ്ഞു;

"വേണ്ട സാർ അത് അവനു കൊടുക്കൂ..."

സൈനികൻ നിർബന്ധിച്ചെങ്കിലും അവൻ വാങ്ങിയില്ല... ഒടുവിൽ ബ്രെഡ് പുറകിൽ നിന്ന കുട്ടിക്ക് കൊടുത്തു. പട്ടാളക്കാരൻ ചോദിച്ചു;

"നീയെന്താ ബ്രെഡ് വേണ്ട എന്ന് പറഞ്ഞത്?"

"അവൻ ഇന്നലെ രാത്രി മുതൽ വിശന്നു കരയുകയായിരുന്നു... നമ്മുടെ ചേരിയുടെ അടുത്തുള്ള ഒരു ഫ്‌ളാറ്റിലാണ് അവൻ താമസിക്കുന്നത്. എനിക്ക് വിശപ്പു ശീലമാണ്. അവർക്കൊന്നും വിശന്നിരിക്കാൻ കഴിയില്ല..."

പട്ടാളക്കാരൻ അവനെ സ്നേഹത്തോടെ ആശ്ലേഷിച്ചു. അപ്പോഴതാ വരന്നു ബ്രെഡ് കിട്ടിയ കുട്ടി കയ്യിൽ കുറച്ച് ബ്രെഡ് പീസുമായി. അതവൻ ബ്രെഡ് കിട്ടാത്ത കുട്ടിക്ക് നീട്ടി.

"പകുതി ഞാൻ കഴിച്ചു... ഇത് നീ കഴിച്ചോ..."

"നീ ഒന്നും തിന്നിട്ടുണ്ടാവില്ല എന്ന് അമ്മ പറഞ്ഞു..."

ജീവിതം എന്തെന്ന് അറിയാൻ പ്രളയം വരുന്നത് വരെ കാത്തിരിക്കണമെന്നില്ല. ഇന്നലെ വരെ ചേരിയിലും ഫ്‌ളാറ്റിലും താമസിച്ചിരുന്നവർ... പരസ്പരം കണ്ടാൽ മിണ്ടാത്തവർ... ഇന്നു ഒരു വ്യത്യാസവും ഇല്ലാതെ ആഹാരം പങ്കിടുന്നു... നല്ല ഇടയൻമാരാവുക. അതിനു പ്രളയം വരെ കാത്തിരിക്കണമെന്നില്ല... ഒരു പക്ഷെ "നല്ല ഇടയൻമാരാകാൻ" ഒരു പുഞ്ചിരി മതി...

വ്യാജഇടയൻമാരെ കാത്തിരുക്കുന്നത് നാശമാണ്. ജെറമിയായുടെ പുസ്തകത്തിൽ ജനത്തെ സംരക്ഷിക്കേണ്ട ഇടയൻമാരെ കുറിച്ച് പ്രവചിക്കുന്നത് ഭീതിയോട് കൂടി വായിക്കേണ്ടിയിരിക്കുന്നു. "എൻെറ മേച്ചിൽസ്ഥലത്തെ ആടുകളെ നശിപ്പിക്കുകയും ചിതറിക്കുകയും ചെയ്യുന്ന ഇടയൻമാർക്കു ശാപം! കർത്താവ് അരുളിച്ചെയ്യുന്നു. ഇസ്രായേലിൻെറ ദൈവമായ കർത്താവ് തൻെറ ജനത്തെ സംരക്ഷിക്കേണ്ട ഇടയൻമാരെക്കുറിച്ച് അരുളിച്ചെയ്യുന്നു: നിങ്ങൾ എൻെറ ആട്ടിൻപറ്റത്തെ ചിതറിച്ചോടിച്ചു. നിങ്ങൾ അവയെ പരിപാലിച്ചില്ല. നിങ്ങളുടെ ദുഷ്കൃത്യങ്ങൾക്കു ഞാൻ പകരം വിട്ടും" (ജെറ 23,1-3). നല്ല ഇടയൻമാരല്ലെങ്കിൽ കർത്താവിന്റെ ശാപം ശിരസിന് മുകളിൽ നിൽക്കുന്നുണ്ട്. ഈ ശാപത്തിൽ നിന്ന് തെന്നിമാറണമെങ്കിൽ കർത്താവിന്റെ ഇടയസങ്കൽപ്പം നെഞ്ചിലേറ്റാൻ സാധിക്കണം.

നല്ല ഇടയന്റെ
സുവിശേഷം
ജീവിതത്തിന്റെതന്നെ
സുവിശേഷമാണ്.
ഒപ്പം,
ഓർമ്മപ്പെടുത്തലും,
"നല്ല
ഇടയൻമാരാകണമെന്നും..."

"കർത്താവാണ് എൻെറ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്കു വിശ്രമമരുളുന്നു; പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു" (സങ്കീ 23,1-2).

"ഇടയനെപ്പോലെ അവിടുന്ന് തൻെറ ആട്ടിൻകൂട്ടത്തെ മേയിക്കുന്നു. അവിടുന്ന് ആട്ടിൻകുട്ടികളെ കരങ്ങളിൽ ചേർത്തു മാറോടണച്ച് തള്ളയാടുകളെ സാവധാനം നയിക്കുന്നു" (ഏശയ്യ 40,11).

"അങ്ങയുടെ ജനമായ ഞങ്ങൾ, അങ്ങയുടെ മേച്ചിൽപുറങ്ങളിലെ ആടുകൾ, എന്നേക്കും അങ്ങേക്കു കൃതജ്ഞത അർപ്പിക്കും. തലമുറകളോളം ഞങ്ങൾ അങ്ങയുടെസ്തുതികൾ ആലപിക്കും" (സങ്കീ 79,13).

"അവിടുന്നാണു നമ്മുടെ ദൈവം. നാം അവിടുന്നു മേയ്ക്കുന്ന ജനവും; അവിടുന്നു പാലിക്കുന്ന അജഗണം" (സങ്കീ 95, 7).

"കർത്താവു ദൈവമാണെന്ന് അറിയുവിൻ; അവിടുന്നാണു നമ്മെ സൃഷ്ടിച്ചത്; നമ്മൾ അവിടുത്തേതാണ്; നാം അവിടുത്തെ ജനവും അവിടുന്നു മേയ്ക്കുന്ന അജഗണവുമാകുന്നു" (സങ്കീ 100,3).

"നിങ്ങളിലാരാണ്, തനിക്കു നൂറ് ആടുകൾ ഉണ്ടായിരിക്കേ അവയിൽ ഒന്നു നഷ്ടപ്പെട്ടാൽ തൊണ്ണൂറ്റൊൻപതിനെയും മരുഭൂമിയിൽ വിട്ടിട്ട്, നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുവോളം തേടിപ്പോകാത്തത്? കണ്ടുകിട്ടുമ്പോൾ സന്തോഷിച്ച് അതിനെ തോളിലേറ്റുന്നു." (ലൂക്കാ 15,4-5). വലിയ ഇടയനായ ക്രിസ്തുവിന്റെ ഇടയ സങ്കൽപ്പങ്ങൾ ഇപ്രകാരമാണ്.

തൊണ്ണുറ്റിഒൻപതിനെയും മാറ്റി നിറുത്തി നഷ്ടപ്പെട്ട ഒന്നിനെയും തേടി യാത്രയാകുന്ന ഇടയനെ കുറിച്ചും, ആടുകൾക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുന്ന ഇടയനെ കുറിച്ചും ക്രിസ്തു സംസാരിച്ചപ്പോൾ ഇടയസംങ്കൽപ്പം അതിന്റെ പൂർണ്ണതയിൽ ക്രിസ്തുവിൽ കത്തിജ്വലിക്കുകയായിരുന്നു. പുതിയ ഇസ്രായേലായ സഭയെ ക്രിസ്തു വീണ്ടെടുത്തത്, "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു" (യോഹ 10,11) എന്നുള്ള വചനത്തിന്റെ ആത്മബലത്താലാണ്. ഈശോ നല്ല ഇടയനായതുകൊണ്ട് സ്വന്തം ജീവൻ നൽകി വീണ്ടെടുത്ത പുതിയ ഇസ്രായേലാണ് സഭാസമൂഹം. ചുരുക്കത്തിൽ, ആ നല്ല ഇടയന്റെ സംരക്ഷണത്തിന്റെ കീഴിൽ അന്തിയുറങ്ങുന്നവരാണ് സഭാംഗങ്ങൾ. ക്രിസ്തു ഇന്ന് ഈ ദൗത്യം ഭരമേൽപ്പിച്ചിരിക്കുന്നത് ദൈവം തിരഞ്ഞെടുത്ത പുതിയ ഇസ്രായേലായ സഭാസമൂഹത്തെയാണ്. ചുരുക്കത്തിൽ, "ദൈവജനത്തിന്റെ നിലവിളിക്കുള്ള വലിയ ഉത്തരമാണ് നല്ല ഇടയൻമാർ."

"അലഞ്ഞുനടക്കുന്ന
ആടുകളെ
പ്പോലെയായിരുന്നു നിങ്ങൾ.
എന്നാൽ,
ഇപ്പോൾ നിങ്ങൾ
നിങ്ങളുടെ ഇടയനും
പാലകനുമായവൻെറ
അടുത്തേക്കു
മടങ്ങിവന്നിരിക്കുന്നു."

1 പത്രോ 2,25

***"പത്രോസ് പറഞ്ഞു:***
***കർത്താവേ, നീ എല്ലാം അറിയുന്നു.***
***ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു.***
***യേശു പറഞ്ഞു:***
***എൻെറ കുഞ്ഞാടുകളെ മേയിക്കുക."***

യോഹ 21,19

ഫാ. ജോബി മേനോത്ത് : +91 944 7777 931